## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **13-02-2025 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കളിസ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ 4 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>1.കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്<br>2.മഞ്ചേശ്വരം പഞ്ചായത്ത് സ്റ്റേഡിയം<br>3.ജി.എച്ച്.എസ്. ഗ്രൗണ്ട്, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്<br>4.രാമഗിരി ഗ്രൗണ്ട് , അജാനൂർ പഞ്ചായത്ത് |
| (ബി) | പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണം/ നിർമ്മാണത്തിന് "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി കായിക യുവജന കാര്യാലയം മുഖേന നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ പ്രവൃത്തികളും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളും, എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |
| (സി) | സ്കൂളുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയിൽ സർക്കാർ സ്കൂളുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി മറ്റ് പദ്ധതികൾ കായിക വകുപ്പിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ